ഇ -364/2015 (2)

നഗരകാര്യ വകുപ്പ്,
റീജിയനൽ ജോയിന്റ് ഡയറക്ടറാഫീസ്,
ടാക്സി സ്റ്റാന്റ് ബിൽഡിംഗ്,
പാളയം, കോഴിക്കോട്, 08.02.2018
ഫോൺ -0495-2720340
duarkkd@gmail.com

OFFICE OF THE DIRECTORATE OF URBAN AFFAIRS
26 FEB 2018

Officer for n/a

റീജിയനൽ ജോയിന്റ് ഡയറക്ടർ,
കോഴിക്കോട്.

നഗരകാര്യ ഡയറക്ടർ
നഗരകാര്യ വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം : നഗരകാര്യ വകുപ്പ് - ഉത്തരമേഖലാ ഓഫീസ്, കോഴിക്കോട് - ലൈസൻസ്ഡ് സൂപ്പർവൈസർ.-എ ശ്രീ. എം.പി. വാസുവിന്റെ രജിസ്ട്രേഷൻ സസ്പെന്റ് ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന: - നഗരകാര്യ ഉത്തരമേഖലാ ജോയിന്റ് ഡയറക്ടറുടെ 08.02.2018 ലെ ഇതേ നമ്പർ ഉത്തരവ് നടപടികൾ.

-----

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിൽ ചട്ട വിരുദ്ധമായി പ്ലാൻ സമർപ്പിച്ച ലൈസൻസ്ഡ് സൂപ്പർവൈസർ ശ്രീ. എം.പി. വാസുവിന്റെ രജിസ്ട്രേഷൻ (Reg. No. E – 2050/08/4113/KKD/72/2012/SA) സൂചന പ്രകാരം ഒരു മാസ കാലയളവിലേയ്ക്ക് സസ്പെന്റ് ചെയ്ത് ഉത്തരവായിട്ടുള്ളതാണ്. 1999 ലെ കെ.എം.ബി.ആർ ചട്ടം 153(8) പ്രകാരം സർക്കാർ / ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ സസ്പെൻഷൻ ഉത്തരവ് പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി സൂചിത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

റീജിയനൽ ജോയിന്റ് ഡയറക്ടർ (I/C)

K.R. 09/02

Scanned by CamScanner

Registered A/D

നഗരകാര്യ ഉത്തരമേഖലാ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് നടപടികൾ

നഗരകാര്യ വകുപ്പ്, ഉത്തരമേഖലാ കാര്യാലയം, കോഴിക്കോട് - കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിൽ ചട്ട വിരുദ്ധമായി പ്ലാൻ സമർപ്പിച്ച ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ ശ്രീ. എം.പി. വാസുവിന്റെ സൂപ്പർവൈസർ - എ രജിസ്ട്രേഷൻ സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

നമ്പർ ഇ - 364/2015 തിയ്യതി, കോഴിക്കോട്, 08.02.2018

==========================================================================

പരാമർശം:-

1) സർക്കാരിന്റെ 20/01/2015 ലെ 818/ആർ.ബി.3/15/എൽ.എസ്.ജി.ഡി നമ്പർ സർക്കാർ കത്ത്
2) ചീഫ് ടൗൺ പ്ലാനറുടെ (വിജിലൻസ്) ന്റെ 15/10/14 ലെ CTP/vig/878/14 നമ്പർ റിപ്പോർട്ട്
3) കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 4/11/2016, 25/1/2017 തിയ്യതികളിലെ B1 – 6845/16 നമ്പർ കത്തുകൾ
4) ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ ശ്രീ. എം. പി. വാസുവിന് ഈ ഈ ഓഫീസിൽ നിന്നും08/5/2017 തിയ്യതിയായി നൽകിയ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5) ശ്രീ. എം.പി. വാസുവിന്റെ 31/5/2017 ലെ മറുപടി
6) ശ്രീ. എം. പി. വാസു 25/8/2017 ന് ഈ ഓഫീസിൽ നേരിൽ ഹാജരായി നൽകിയ സ്റ്റേറ്റ്മെന്റ്

-----

## ഉത്തരവ്

കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിൽ ശ്രീമതി. ഐ.വി. മീനാകുമാരി, W/o ഭാസ്കരൻ, വെള്ളാട്ടുവള പ്പിൽ, കുറ്റിപ്പുറം എന്നവരുടെ ഉടമസ്ഥതയിലുള്ള കുറ്റിപ്പുറം വില്ലേജിലെ സർവ്വെ നമ്പർ 159/6, 7 ൽ പ്പെട്ട ഭൂമിയിൽ രണ്ട് നില വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനായി കുറ്റിപ്പുറം പഞ്ചായത്തിൽ നിന്ന് 17/2/2010 തിയ്യതിയിൽ അനുവദിച്ച എ5/754/10 നമ്പർ ബിൽഡിംഗ് പെർമിറ്റ്, രണ്ടാം നില നിർമ്മിക്കുന്ന തിനായി 11/10/2013 ൽ അനുവദിച്ച എ5/20428/13 നമ്പർ ബിൽഡിംഗ് പെർമിറ്റ് എന്നിവയുമായി ബന്ധ പ്പെട്ട് മലപ്പുറം ജില്ലാ ടൗൺ പ്ലാനർ (വിജി) നടത്തിയ പരിശോധനയിൽ 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാന ത്തിൽ ടി കെട്ടിട നിർമ്മാണാനുമതിയ്ക്കായി പ്ലാൻ തയ്യാറാക്കി സമർപ്പിച്ച ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ ശ്രീ. എം.പി. വാസു, മുലയം പറമ്പിൽ, പാഴൂർ പി.ഒ., കുറ്റിപ്പുറം - 679571 (Reg. No. E – 2050/08/4113/KKD/72/2012/SA) എന്നവർക്കെതിരെ നിയമാനുസൃത നടപടി സ്വീക രിക്കുവാൻ പരാമർശം (1) പ്രകാരം സർക്കാർ നിർദ്ദേശം ലഭിക്കുകയുണ്ടായി..

Scanned by CamScanner

ചീഫ് ടൗൺ പ്ലാനർ (വിജി) ന്റെ 2-ാം പരാമർശിത റിപ്പോർട്ടിൽ 2011 ലെ കെ.പി.ബി.ആർ. ചട്ടം 58(12), 37, 27(4), 28(1) എന്നീ ചട്ടങ്ങളുടെ ലംഘനമാണ് പ്രധാനമായും ചൂണ്ടിക്കാണിച്ചിരിക്കുന്നത്. തുടർന്ന് ടി വിഷയത്തിൽ കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദമായ റിപ്പോർട്ട് പരാമർശം (3) പ്രകാരം ലഭ്യമാക്കുകയും, ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ ശ്രീ. എം.പി. വാസുവിന് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിരുന്നു. ആയതിന് ടിയാൻ പരാമർശം (5) പ്രകാരം മറുപടി സമർപ്പിച്ചിട്ടുണ്ട്.

2011 ലെ കെ.പി.ബി.ആർ. നിലവിൽ വരുന്നതിന് മുമ്പ് നിർമ്മാണാനുമതി വാങ്ങി നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിൽ രണ്ടാം നില നിർമ്മിക്കുന്നതിനായാണ് പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത് എന്നും ചട്ടം 58(12) പ്രകാരമുള്ള അഗ്നി സേനാ വിഭാഗത്തിന്റെഅനുമതി പത്രം അപേക്ഷകൻ സമർപ്പിക്കാതിരുന്നതും, പഞ്ചായത്തിൽ നിന്നും നിർമ്മാണാനുമതി നൽകിയതിൽ നിന്നും ടിയാനെ ഒഴിവാക്കണമെന്നും, കെട്ടിടത്തിലേയ്ക്കുള്ള പ്രവേശന മാർഗ്ഗത്തിന് ചട്ടം 37 പ്രകാരം അവശ്യമായ 5 മീറ്ററിലും അധികമായി 10 മീ വീതി നിലവിലുണ്ട് എന്നും ശ്രീ. എം. പി. വാസു മറുപടിയിൽ ബോധിപ്പിക്കുകയുണ്ടായി. ഗ്രൂപ്പ് എഫ് കൊമേഴ്സ്യൽ കെട്ടിടത്തിന് ചട്ടം 58(2) പ്രകാരം 1.5 മീ പിന്നാമ്പുറം മതിയാകുന്നതാണ് എന്നും റോഡിൽ നിന്നും കെട്ടിടത്തിലേക്കുള്ള ദൂരം 2.1 മീ എന്ന് രേഖപ്പെടുത്തിയത് ടിയാന്റെ ഭാഗത്ത് നിന്നും സംഭവിച്ച അപാകതയാണ് എന്നും ബോധിപ്പിക്കുകയുണ്ടായി. കൂടാതെ നിർദ്ദിഷ്ട കെട്ടിടത്തിലേയ്ക്കുള്ള പ്രവേശന മാർഗ്ഗത്തിന് ചട്ട പ്രകാരം ആവശ്യമായ വീതി ലഭ്യമാണ് എന്നും പ്ലാനിൽ കാണിച്ചിട്ടുള്ള 2.7 മീ എന്നത് പഞ്ചായത്ത് റോഡിന്റെ വീതിയാണ് എന്നും പ്ലാനിൽ ആക്സസ് വിഡ്ത്ത് രേഖപ്പെടുത്തുവാൻ വിട്ടുപോയതാണ് എന്നും നിലവിൽ ഉണ്ടായിരുന്ന കെട്ടിടത്തിൽ രണ്ടാം നില നിർമ്മിക്കുന്നതിനായി തയ്യാറാക്കി സമർപ്പിച്ച പ്ലാനിൽ റോഡിൽ നിന്നും കെട്ടിടത്തിലേയ്ക്ക് ചട്ട പ്രകാരം ദൂരം ലഭ്യമായിരിക്കും എന്ന ധാരണയാൽ ശ്രദ്ധയിൽപ്പെടാതിരുന്നതാണ് എന്നും ടിയാൻ നേരിൽ ഹാജരായി മൊഴി നൽകിയിട്ടുമുണ്ട്.

ചീഫ് ടൗൺ പ്ലാനർ (വിജി) ന്റെ റിപ്പോർട്ട്, കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട്, എൽ.ബി.എസ്. ശ്രീ. എം.പി. വാസുവിന്റെ മറുപടി, മൊഴി എന്നിവ വിശദമായി പരിശോധിക്കുകയുണ്ടായി. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 153(1) (2011 ലെ കെ.പി.ബി.ആർ ചട്ടം 144(1) ) പ്രകാരം പ്ലാനുകളും ഡ്രോയിംഗുകളും ആക്ടിലെയും, ചട്ടങ്ങളിലെയും വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ട് തയ്യാറാക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. കെ.എം.ബി.ആർ. ചട്ടം 153(4) (2011 ലെ കെ.പി.ബി.ആർ. ചട്ടം 144(4) ) പ്രകാരം പ്ലാനിലും ഡ്രോയിംഗിലും വിവരണങ്ങളിലും രേഖപ്പെടുത്തുന്ന വസ്തുതകളുടെ പിഴവില്ലായ്മക്കും, സത്യാവസ്ഥയ്ക്കും ലൈസൻസി ഉത്തരവാദിയായിരിക്കുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. അപ്രകാരം ശ്രീ. എം.പി. വാസുവിന്റെ മറുപടിയും, മൊഴിയും പൂർണ്ണമായും തൃപ്തികരമല്ല എന്നും റോഡിൽ നിന്നും കെട്ടിടത്തിലേയ്ക്ക് ചട്ട പ്രകാരം ആവശ്യമായ ദൂരം ലഭ്യമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെടാതിരുന്നത് ലൈസൻസിയുടെ ഭാഗത്ത് സംഭവിച്ച വീഴ്ചയാണ് എന്നും കാണുന്നു. ആയതിനാൽ ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ ശ്രീ. എം.പി. വാസുവിന്റെ

Scanned by CamScanner

സൂപ്പർവൈസർ - എ രജിസ്ട്രേഷൻ (Reg. No. E – 2050/08/4113/KKD/72/2012/SA) 1999 ലെ കെ.എം.ബി.ആർ. ചട്ടം 153(7), (8) (2011 ലെ കെ.പി.ബി.ആർ ചട്ടം 144 (7), (8) ) ന് വിധേയമായി . 01/03/2018 മുതൽ 31/3/2018 വരെ ഒരു മാസ കാലയളവിലേയ്ക്ക് സസ്പെന്റ് ചെയ്ത് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

സസ്പെൻഷൻ കാലയളവിൽ ശ്രീ. എ.പി. വാസു . 1999 ലെ കെ.എം.ബി.ആർ ചട്ടങ്ങളിൽ നിഷ്ക്കർഷിക്കുന്ന സൂപ്പർവൈസർ - എ യുടെ ചുമതലകൾ നിർവ്വഹിക്കുവാൻ പാടില്ലാത്തതും സസ്പെൻഷൻ വിവരം രജിസ്ട്രേഷൻ, റിന്യുവൽ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നതിനായി സർട്ടിഫിക്കറ്റിന്റെ അസ്സൽ ഈ ഉത്തരവ് കൈപ്പറ്റി ഒരാഴ്ച്ചക്കകം ഈ ഓഫീസിൽ നേരിൽ ഹാജരാക്കേണ്ടതുമാണ്.

(ഒപ്പ്)
ജോഷി മൃൺമയി ശശാങ്ക്, IAS
റീജിയണൽ ജോയിന്റ് ഡയറക്ടർ (I/C)
കോഴിക്കോട്

1) ശ്രീ. എം.പി. വാസു, മുലയം പറമ്പിൽ, പാഴൂർ പി.ഒ., കുറ്റിപ്പുറം - 679571
2) ഗവ. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ (ആർ.ബി.3) വകുപ്പ്
3) നഗരകാര്യ ഡയറക്ടർ, നഗരകാര്യ വകുപ്പ് - (കെ.എം.ബി.ആർ ചട്ടം 153(8) പ്രകാരം സർക്കാർ ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ആമുഖ കത്ത് സഹിതം)
4) റീജിയനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം, കൊച്ചി
5) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
6) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം ജില്ല
7) ഉത്തരമേഖലയിലെ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
8) സെക്രട്ടറി, കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്. മലപ്പുറം -679541

അംഗീകാരത്തോടെ

സൂപ്രണ്ട്

K.R 09/02

Scanned by CamScanner